ങ്ങൾക്കും കഷ്ടനഷ്ടങ്ങൾക്കും വിധേയരാകുന്നവർക്ക് പ്രത്യേക കേസ്സുകളിൽ ധനസഹായം അനുവദിക്കാവുന്നതാണ്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

28 (652) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും സഹായം

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് മലപ്പുറം ജില്ലയിൽ എത്രയാളുകൾക്ക് എന്തു തുക സാമ്പത്തിക സഹായം നൽകി എന്ന് വെളിപ്പെടുത്തുമോ;

(ബി) ദുരിതാശ്വാസ നിധിയിൽനിന്ന് ധനസഹായം നൽകുന്നതിന് കാലതാമസം വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ചികിൽസാ സഹായം അനുവദിച്ച് തുക കൈപ്പറ്റുന്നതിന് മുമ്പ് വ്യക്തി മരിച്ചുപോയാൽ ആ തുക അവകാശികൾക്ക് നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ മലപ്പുറം ജില്ലയിൽപ്പെട്ട 351 പേർക്ക് 6,33,850/- രൂപ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

(ബി)&(സി) കാലതാമസം ഒഴിവാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) നിലവിലുള്ള നിയമപ്രകാരം ചികിൽസാ സഹായം അനുവദിച്ച് തുക കൈപ്പറ്റുന്നതിനുമുമ്പ് രോഗി മരിച്ചുപോയാൽ ബന്ധപ്പെട്ട തഹസീൽദാരുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ രോഗിയുടെ അടുത്ത ആശ്രിതർക്ക് ധനസഹായം അനുവദിക്കുവാൻ ജില്ലാ കളക്ടർമാർക്ക് അധികാരമുണ്ട്.

29 (653) കാർഗിൽ സംഭവം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഗിൽ സംഭവവികാസങ്ങളുടെ വെളിച്ചത്തിൽ സംസ്ഥാനത്ത് ഭീകര പ്രവർത്തനത്തിനെതിരെ ഇന്റലിജൻസ് പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുമോ;

(ബി) കാർഗിൽ യുദ്ധത്തിൽ അംഗഭംഗം നേരിട്ട ജവാൻമാർക്ക് സംസ്ഥാന ഗവൺമെന്റിന്റെ സഹായം ലഭിക്കുന്നതിലേയ്ക്ക് ഒരു പദ്ധതി തയ്യാറാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാർഗിൽ സംഭവവികാസങ്ങളുടെ വെളിച്ചത്തിൽ ഇത്തരം പ്രവർത്തനങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും, ഉണ്ടായാൽ അവ നേരിടുന്നതിനും രഹസ്യാന്വേഷണ വിഭാഗത്തിന്റേയും പോലീസിന്റേയും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.

(ബി) യുദ്ധത്തിൽ കൊല്ലപ്പെടുകയോ അംഗഭംഗം സംഭവിക്കുകയോ കാണാതാവുകയോ ചെയ്യുന്ന കേരളീയരായ ജവാൻമാർക്ക്/അവരുടെ ആശ്രിതർക്ക് നിബന്ധനകൾക്ക് വിധേയമായി സർക്കാർ സർവ്വീസിൽ ജോലി നൽകുവാനുള്ള പദ്ധതി ഇപ്പോൾത്തന്നെ നിലവിലുണ്ട്. കൂടാതെ ഇക്കാരണങ്ങളാൽ സർവ്വീസിൽനിന്നും വിരമിക്കേണ്ടിവരുന്നവർക്ക് എക്സ് സർവ്വീസുകാർക്കായുള്ള എല്ലാ ക്ഷേമ പദ്ധതികൾക്കും അർഹതയുണ്ട്. കാർഗിൽ യുദ്ധത്തിൽ അംഗഭംഗം നേരിട്ട കേരളീയരായ സൈനികർക്കും പ്രസ്തുത സഹായങ്ങൾക്ക് അർഹതയുണ്ട്. പരിക്കുപറ്റുന്നവർക്കും ജീവൻ നഷ്ടപ്പെടുന്നവരുടെ കുടുംബത്തിനും സഹായം നൽകുന്നതിന് മുഖ്യമന്ത്രിയുടെ സൈനികക്ഷേമ നിധി എന്ന പേരിൽ ഒരു ഫണ്ടിന് രൂപം കൊടുക്കുകയും ഫണ്ടിലേയ്ക്ക് ഒരു കോടി രൂപ സർക്കാർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കാർഗിലിൽ മരണമടഞ്ഞ ക്യാപ്റ്റൻ വിക്രം, ലഫ.കേണൽ വിശ്വനാഥൻ എന്നിവരുടെ കുടുംബത്തിന് 5 ലക്ഷം രൂപ വീതം സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്.

30 (654) പോലീസ് നയം

ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. കെ.സി. ജോസഫ് :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. ജോർജ്.ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മേലുദ്യോഗസ്ഥർ നൽകുന്ന ഉത്തരവുകൾ നിയമാനുസൃതമാണോ എന്ന് പരിശോധിച്ചശേഷം മാത്രം കീഴുദ്യോഗസ്ഥർ നടപ്പാക്കിയാൽ മതി എന്ന നയം പോലീസ് സേന സ്വീകരിച്ചിട്ടുണ്ടോ;

(ബി) കോടതി നിർദ്ദേശങ്ങൾ ധിക്കരിക്കുകയും ജനാധിപത്യ ധ്വംസനങ്ങൾക്കെതിരെ പക്ഷഭേദപരമായി പെരുമാറുകയും ചെയ്യുന്ന സംസ്കാരം ചില പോലീസ് സേനാംഗങ്ങളിൽ വളർന്നുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിക്ഷ്പക്ഷമായും നീതിപൂർവ്വമായും കേസുകൾ കൈകാര്യം ചെയ്യണമെന്ന പോലീസിന്റെ ഉദ്ദിഷ്ട നയവും സംസ്ക്കാരവും വളർത്തിയെടുക്കാൻ എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നിയമാനുസൃതമായ ഉത്തരവുകളാണ് പോലീസ് സേനയിലെ എല്ലാ അംഗങ്ങളും പാലിക്കുന്നതും നടപ്പിലാക്കിവരുന്നതും.

LIBRARY ARCHIVES Kerala Legislative Assembly